# പതിനഞ്ചാം കേരള നിയമസഭ

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി II

# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
## (LAND REVENUE AND DEVASWOM)

## പീരിയോഡിക്കൽ റിപ്പോർട്ട്

**(2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1st APRIL 2023 TO 31st MARCH 2024)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

**[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2024 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്**

**(Presented on July 8th, 2024)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

**പതിനഞ്ചാം കേരള നിയമസഭ**

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി II

**(SUBJECT COMMITTEE II)**

## ഭൂനികുതിയും ദേവസ്വവും
## (LAND REVENUE AND DEVASWOM)

**പീരിയോഡിക്കൽ റിപ്പോർട്ട്**

**(2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM $1^{st}$ APRIL 2023 TO $31^{st}$ MARCH 2024)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1026/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

സബ്ജക്ട് കമ്മിറ്റി II

**ഭൂനികുതിയും ദേവസ്വവും**

(2023-2026)

**ഘടന**

ചെയർപേഴ്സൺ :

ശ്രീ. കെ. രാജൻ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. വി. എൻ. വാസവൻ.,

തുറമുഖം, സഹകരണം, ദേവസ്വം വകുപ്പുമന്ത്രി.

അംഗങ്ങൾ:

ഡോ. എൻ. ജയരാജ്

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. വേണുഗോപാൽ ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ. , അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) അനുസരിച്ച് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2021 ജൂൺ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം രൂപീകരിക്കപ്പെട്ട പതിനഞ്ചാം കേരള നിയമസഭയുടെ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II (2021-2023), 2023 ഡിസംബർ 7-ാം തീയതിയിലെ 445-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം രൂപീകരിക്കപ്പെട്ട പതിനഞ്ചാം കേരള നിയമസഭയുടെ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II (2023-2026), എന്നിവ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

2024 ജനുവരി 10-ാം തീയതിയിലെ 455 -ാം നമ്പർ ബുള്ളറ്റിൻ -ഭാഗം 2 പ്രകാരം ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, എം. എൽ. എ. സബ്ജക്റ്റ് കമ്മിറ്റി II -ലെ അംഗത്വം രാജിവയ്ക്കുകയും അതേ തീയതിയിലെ 456-ാം നമ്പർ ബുള്ളറ്റിൻ -ഭാഗം 2 പ്രകാരം ശ്രീ. അഹമ്മദ് ദേവർകോവിൽ, എം. എൽ. എ.-യെ സബ്ജക്റ്റ് കമ്മിറ്റി II-ലേക്ക് നാമനിർദ്ദേശം ചെയ്യുകയും ചെയ്തു.

റിപ്പോർട്ട് കാലയളവിൽ സമിതി 4-7-2023, 2-8-2023, 9-8-2023, 10-8-2023, 27-9-2023, 10-1-2024, 21-2-2024, 27-2-2024, 6-3-2024, 13-3-2024 എന്നീ തീയതികളിലായി 10 യോഗങ്ങൾ ചേരുകയുണ്ടായി. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിശോധന, 2023-24 സാമ്പത്തിക വർഷത്തെ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ആനുകാലിക റിപ്പോർട്ട് എന്നിവയുടെ പരിഗണന, ബില്ലുകളുടെ പരിശോധന, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന, ആയത് സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണന എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത് . പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 71% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

അദ്ധ്യായം I - സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II - സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III - സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

അദ്ധ്യായം IV - നിയമസഭാ ചട്ടം 235(എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V - സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI - (a) 2023-24-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്കളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2024 ജൂൺ 25-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**കെ. രാജൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2024 ജൂലൈ 8.

# റിപ്പോർട്ട്

## അദ്ധ്യായം I

<u>സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ</u>

(1) 2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 2-8-2023-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 11-9-2023 -ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(2) സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് 2-8-2023 -ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 11-9-2023 -ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

<u>സമിതി പരിശോധിച്ച ബില്ലുകൾ</u>

1. 2022 -ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ 9-8-2023-ന് ചേർന്ന യോഗത്തിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 10-8-2023 -ന് സഭയിൽ സമർപ്പിച്ചു .

2. 2023-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ 10-8-2023 -ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 11-9-2023 -ന് സഭയിൽ സമർപ്പിച്ചു .

3. The Kerala Government Land Assignment (Amendment) Bill, 2023, 10-8-2023-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 11-9-2023 -ന് സഭയിൽ സമർപ്പിച്ചു .

4. The Kerala Building Tax (Amendment) Bill, 2023, 10-8-2023-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 11-9-2023 -ന് സഭയിൽ സമർപ്പിച്ചു .

1026/2024.

## അദ്ധ്യായം III

### സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ / എസ് . ആർ . ഒ . -കൾ

i) 1995-ലെ മുനിസിപ്പൽ ഭൂമി - പതിവ് ചട്ടങ്ങൾ - കരട് ചട്ടം 4-7-2023-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ii) 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽച്ചെലവും (നിർത്തലാക്കൽ) ആക്ടിന്മേലുള്ള ചട്ടങ്ങൾ - കരട് ചട്ടം 4-7-2023-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

### നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

2-8-2023, 10-1-2024, 13-3-2024 എന്നീ തീയതികളിൽ ചേർന്ന സമിതിയോഗങ്ങളിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം 'ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണത്തിലെ കാലതാമസവും പ്രസിദ്ധീകരിച്ചതിലെ അപാകതകളും' എന്ന വിഷയം ചർച്ച ചെയ്തു.

## അദ്ധ്യായം V

### സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

നിയമസഭാചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തികവർഷം | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| XI—ജില്ലാഭരണവും പലവകയും | 2022-23 | കേരള സംസ്ഥാന വഖഫ് ബോർഡ് | 9-8-2023 |
| VI—ഭൂനികുതി<br>XI—ജില്ലാഭരണവും പലവകയും<br>XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2022-23 | റവന്യൂ വകുപ്പ് (ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, സർവ്വേയും ഭൂരേഖയും വകുപ്പ്, സ്റ്റേറ്റ് ലാൻഡ് ബോർഡ്) | 30-1-2024 |

## അദ്ധ്യായം VI

(a) 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ സംബന്ധിച്ച സംഗ്രഹം.

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 22 | 5- 16, 20 | 1 – 4, 17 – 19, 21, 22 | 9 |

(b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള കാലതാമസപത്രിക ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ച് അംഗീകരിക്കുകയും ചെയ്തു.

<u>2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.</u>

### ശിപാർശ

2250-00-103-98—<u>കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം</u>

കൊച്ചിൻ ദേവസ്വം ബോർഡിന് നിലവിൽ ഗ്രാന്റ് ഇനത്തിലോ മറ്റോ ധനസഹായം ഒന്നും ലഭിക്കുന്നില്ലായെന്നും കേവലം 1000 രൂപാ മാത്രമാണ് മേൽ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി നീക്കിവച്ചിരിക്കുന്നതെന്നും ആയതിനാൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചോറ്റാനിക്കര ദേവീക്ഷേത്രത്തിന്റെ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനും പ്രസ്തുത ദേവീക്ഷേത്ര പരിസരത്ത് മാലിന്യ

നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കുമായി 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

മേൽ ശിപാർശയിന്മേൽ, സമിതിയുടെ 3-8-2019 -ലെ യോഗത്തിൽ, ചോറ്റാനിക്കര ദേവീക്ഷേത്രത്തിനു മാത്രമായി ചെറിയ ബയോവേസ്റ്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പ്രത്യേകം ശിപാർശ ചെയ്തിരുന്നു.

**സ്വീകരിച്ച നടപടി**

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 3-8-2019-ലെ യോഗത്തിൽ ചോറ്റാനിക്കര ദേവീക്ഷേത്ര പരിസരത്ത് ബയോവേസ്റ്റ് പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സമിതിയുടെ മുൻ നിർദ്ദേശം പരിഗണിച്ചിരുന്നു. തദവസരത്തിൽ സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് ചോറ്റാനിക്കര ദേവീക്ഷേത്രത്തിന് മാത്രമായി ചെറിയ പ്ലാന്റ് സ്ഥാപിക്കുന്നതാണ് ഉചിതമെന്ന് നിരീക്ഷിച്ച സമിതി അവിടെ ചെലവ് കുറഞ്ഞ ബയോവേസ്റ്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ റവന്യൂ (ദേവസ്വം) വകുപ്പ് ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം ചോറ്റാനിക്കര ദേവീക്ഷേത്രത്തിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് നിർമ്മിക്കുന്നതിനാവശ്യമായ പ്ലാനും മറ്റ് വിവരങ്ങളും ലഭ്യമാക്കുവാൻ കൊച്ചിൻ ദേവസ്വം കമ്മീഷണറോട് ആവശ്യപ്പെട്ടിരുന്നു. ആയതിൻപ്രകാരം കൊച്ചിൻ ദേവസ്വം മരാമത്ത് വിഭാഗം തയ്യാറാക്കിയ പ്ലാൻ , എസ്റ്റിമേറ്റ് എന്നിവ കൊച്ചിൻ ദേവസ്വം കമ്മീഷണർ 13-9-2021 തീയതിയിൽ കത്ത് പ്രകാരം സമർപ്പിച്ചിരുന്നു. ആകെ 2 കോടി 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി സമർപ്പിച്ചിരുന്നത്. ശിപാർശ പരിഗണിച്ച ധനകാര്യ വകുപ്പ് കൊച്ചിൻ ദേവസ്വത്തിന് കീഴിലുള്ള ചോറ്റാനിക്കര ക്ഷേത്രത്തിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി 25 ലക്ഷം രൂപ ഒറ്റത്തവണ ധനസഹായമായി അനുവദിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ചോറ്റാനിക്കര ക്ഷേത്രത്തിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന് 25 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് G.O.(RT) No. 419/2023/RD dated 24-1-2023 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

( റഫ. നമ്പർ ദേവ 4/24/2021-റവ. തീയതി 15-3-2023)

## 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ. 4577/സബ് സി ബി1/2016/നി.സെ.)

**ശിപാർശ**

തൃശ്ശൂർ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ സ്ഥലത്തു കൂടി പവർഗ്രിഡിന് വേണ്ടി കേബിൾ വലിക്കുന്നതുകൊണ്ട് സർവ്വകലാശാലാ വളപ്പിലെ 238 മരങ്ങൾ മുറിക്കേണ്ടി വരുമെന്നതിനു പുറമെ ഭാവിയിൽ യാതൊരു വിധത്തിലുമുള്ള വികസന പ്രവർത്തനങ്ങളും പ്രസ്തുത ഭൂമിയിൽ നടത്താൻ കഴിയാതെ വരുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കേബിൾ വലിക്കുന്നതിനും വഴിക്കുമായി സർവ്വകലാശാലയുടെ സ്ഥലം ഏറ്റെടുക്കേണ്ടിവന്നാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ സംബന്ധിച്ചും പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ചും സർക്കാർ വിശദമായ പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

**സ്വീകരിച്ച നടപടി**

കേരള കാർഷിക സർവ്വകലാശാലയുടെ മെയിൻ ക്യാമ്പസിലൂടെ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ 320 KV എച്ച്. വി. ഡി. സി. ലിങ്ക് ലൈൻ സ്ഥാപിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതിവിവരങ്ങൾ താഴെ ചേർക്കുന്നു.

I. പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ 2000 മെഗാവാട്ട് പ്രവാഹ ശേഷിയുള്ള തമിഴ്നാട്ടിലെ പുഗളൂർ നിന്നും കേരളത്തിലെ തൃശ്ശൂരിലേക്ക് ഉള്ള എച്ച്. വി. ഡി. സി. ലൈനിന്റെ ഒരു ഭാഗം മൂന്ന് കിലോമീറ്റർ നീളത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ മെയിൻ ക്യാമ്പസിലൂടെ കടന്നുപോകുന്നു.

II. മൂന്ന് തലങ്ങളിലുള്ള സംരക്ഷണങ്ങളാൽ നിർമ്മിച്ചിരിക്കുന്ന ഈ ഭൂഗർഭ ലൈനിൽ രണ്ട് മീറ്റർ ആഴത്തിലുള്ള ട്രഞ്ച് എടുത്ത് DC XLPE കേബിളുകൾ HDPE പൈപ്പുകൾക്ക് ഉള്ളിലായാണ് സ്ഥാപിച്ചിരിക്കുന്നത്. ഈ സിസ്റ്റം 50 സെ.മീ. കട്ടിയുള്ള കോൺക്രീറ്റ് കവചത്താൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ബാക്കിയുള്ള ഭാഗം മേൽമണ്ണിട്ടു നികത്തിയിരിക്കുന്നു.

III. കാർഷിക സർവ്വകലാശാലയുടെ നിർദ്ദേശപ്രകാരം പവർഗ്രിഡ് കോർപ്പറേഷൻ 2017 ഫെബ്രുവരി മാസത്തിൽ എച്ച്. വി. ഡി. സി. കേബിൾ ഉപയോഗിക്കുന്നതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനായി M/s Manitoba HVDC എന്ന ഏജൻസിയെ ഏൽപ്പിച്ചു. അവരുടെ വിലയിരുത്തലുകൾ ചുവടെ ചേർക്കുന്നു.

A. ഈ പദ്ധതിയിൽ സ്വീകരിച്ചിരിക്കുന്ന കേബിൾ കോൺഫിഗറേഷനും burial depth-ഉം ICNIRP അനുവദനീയമായ അളവിലും വളരെ കുറവ് മാഗ്നറ്റിക് ഫ്ളക്സ് ഡെൻസിറ്റി മാത്രമേ ഉണ്ടാവുകയുള്ളൂ എന്ന് വിലയിരുത്തി. ആയത് ഒരു തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നതല്ല എന്നും റിപ്പോർട്ട് ചെയ്തു.

B. കേബിൾ ഉപരിതലത്തിനു പുറത്ത് ഇലക്ട്രോസ്റ്റാറ്റിക് ഫീൽഡിന്റെ സാന്നിധ്യം ഇല്ല എന്നും റിപ്പോർട്ട് ചെയ്തു.

C. പ്രസ്തുത ലൈനിൽ ഉപയോഗിച്ചിരിക്കുന്നത് DC ആയതിനാൽ HVDC ലൈനിൽ നിന്ന് സമീപത്തുള്ള വസ്തുവിലേക്ക് വൈദ്യുതി പ്രവഹിക്കുകയില്ല.

D. 40 സെ.മീ. താഴ്ചയിൽ താപനിലയിൽ ഉണ്ടാകുന്ന മൂന്ന് ഡിഗ്രി സെൽഷ്യസ് വ്യത്യാസം വിളകളുടെ ഉൽപ്പാദനത്തിൽ യാതൊരു വിധത്തിലുള്ള പാർശ്വഫലങ്ങളും ഉണ്ടാക്കുന്നില്ല എന്നും വിലയിരുത്തി.

E. DC XPLE കേബിൾ വഴി യാതൊരു വിധത്തിലുള്ള രാസപ്രവർത്തനങ്ങളും ഉണ്ടാവുന്നില്ല എന്നും റിപ്പോർട്ട് ചെയ്തു.

IV. കാർഷിക സർവ്വകലാശാലയുടെ നിർദ്ദേശപ്രകാരം M/s Manitoba HVDC Research Centre, Canada-യുടെ റിപ്പോർട്ട് തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ പ്രൊഫസർമാരുടെ വിദഗ്ദ്ധ സമിതിയുടെ പരിഗണനയ്ക്കായി വിടുകയുണ്ടായി. അവരുടെ വിലയിരുത്തലുകൾ താഴെ ചേർക്കുന്നു.

a) എച്ച്. വി. ഡി. സി. കേബിൾ വഴിയുള്ള ഇലക്ട്രോ മാഗ്നറ്റിക് ഫീൽഡും തെർമൽ ഹീറ്റിങ്ങും സ്വീകാര്യമായ അളവ് ആണെന്ന് വിലയിരുത്തി.

b) പ്രസ്തുത ലൈനിലൂടെ പരമാവധി പ്രവാഹശേഷിയിൽ വൈദ്യുതി കടത്തിവിട്ട് അതുമൂലമുള്ള താപനിലയിലെ വ്യത്യാസവും ഫ്ളക്സ് ഡെൻസിറ്റിയും നിരന്തരമായി വീക്ഷിക്കണം എന്ന് നിർദ്ദേശിച്ചു.

c) പ്രസ്തുത ഭൂഗർഭ ലൈനിനോട് ചേർന്ന് രണ്ട് മീറ്റർ പരിധിയിൽ യാതൊരുവിധ കാർഷിക/ കാർഷികേതര പ്രവർത്തനങ്ങളും നടത്തുവാൻ പാടില്ലെന്ന് റിപ്പോർട്ട് ചെയ്തു.

V. തുടർന്ന് എച്ച്. വി. ഡി. സി. ഭൂഗർഭ കേബിൾ വഴിയുള്ള വൈദ്യുതിപ്രവാഹ പ്രവർത്തനം ആരംഭിക്കുകയും 2021 മാർച്ചിൽ പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു.

VI. തുടർന്ന് പരമാവധി പ്രവാഹശേഷിയിൽ താപനിലയിൽ ഉണ്ടാകുന്ന വ്യതിയാനവും മറ്റു ഘടകങ്ങളും വിലയിരുത്തുകയും ആയത് അനുവദനീയമായ പരിധിക്കുള്ളിൽ ആണെന്നും കണ്ടെത്തി.

VII. പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി കാർഷിക സർവ്വകലാശാലയിൽ മുറിച്ചുമാറ്റപ്പെട്ട 1,600 മരങ്ങൾക്ക് പകരം പവർഗ്രിഡിന്റെ ധനസഹായത്തോടെ 16,000 വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രോജക്ട് 2020 ജനുവരിയിൽ ആരംഭിച്ചു. ഇതുപ്രകാരം 16,000 വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നുണ്ട്. പ്രോജക്ട് തീരുന്ന 2023 മാർച്ചിന് മുൻപായി 16000 -ൽ കൂടുതൽ വൃക്ഷത്തൈകൾ നട്ട് വളർത്താൻ സാധിക്കും. ഈ വൃക്ഷത്തൈകൾക്ക് നിശ്ചിത ഇടവേളകളിൽ ആവശ്യമായ പരിപാലനമുറകൾ അനുവർത്തിച്ച് ഉത്തമ വളർച്ച ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ, അവസാന ഘട്ടത്തിൽ നട്ട തൈകൾക്ക് കൂടുതൽ പരിപാലനം ആവശ്യമുള്ളതിനാലും നട്ട തൈകളുടെ പരിപാലനത്തുടർച്ചയ്ക്ക് വേണ്ടിയും ടി പ്രോജക്ട് അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് കൂടി കാലാവധി നീട്ടിക്കിട്ടുന്നതിനായി പവർഗ്രിഡ് കോർപ്പറേഷനോട് ബന്ധപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള ബൃഹത്തായ വനവൽക്കരണ പ്രക്രിയയിലൂടെ അന്തരീക്ഷത്തിലെ കാർബൺ വൃക്ഷങ്ങളിൽ സംരക്ഷിക്കപ്പെടുകയും ഹരിത വാതക വ്യാപനം പോലെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഒരു പരിഹാരമാർഗ്ഗം എന്ന നിലയിൽ വർത്തിക്കുകയും ചെയ്യുന്നതാണ്.

( റഫ. നമ്പർ എ.എഫ് 2/306/2022-കൃഷി തീയതി. 15-3-2023)

<u>2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ. 3015/സബ് സി ബി1/2019/നി.സെ.)

**ശിപാർശ**

കേന്ദ്ര ദുരന്തനിവാരണ നിയമം-2005, സെക്ഷൻ 38 (2) (ഡി) പ്രകാരം എല്ലാ വകുപ്പുകളും അവരവരുടെ പ്ലാൻ ഫണ്ടിൽ നിന്നും ഒരു നിശ്ചിത തുക അതത് മേഖലകളിലെ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് വകയിരുത്തണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, എല്ലാ വകുപ്പുകളും 10% തുക ആയതിനായി മാറ്റിവയ്ക്കണമെന്ന നിർദ്ദേശം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി 2016-ൽ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ തുക പ്രസ്തുത മേഖലകളിലെ

ദുരന്തനിവാരണത്തിന്റെ മുഖ്യധാരാവൽക്കരണത്തിനായി ഉപയോഗിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

കേന്ദ്ര സ്കീമുകൾ ലെജിസ്ലേറ്റീവ് ഫണ്ട് അല്ലാതെയുള്ള (MGNREGY പോലെയുള്ളവ) എല്ലാ കേന്ദ്ര സ്കീമുകളിലെയും 10% തുക ഫ്ലക്സി ഫണ്ടായി അതത് മേഖലകളിലെ ദുരന്ത ലഘൂകരണത്തിനായി മാറ്റിവയ്ക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയത് എല്ലാ വകുപ്പുകളും 2019-20 മുതൽ നിർബന്ധമായും പാലിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

**സ്വീകരിച്ച നടപടി**

സിവിൽ സപ്ലൈസ് വകുപ്പിന് 2019-2020 സാമ്പത്തിക വർഷം പദ്ധതി വിഹിത നിർവ്വഹണത്തിനായി അനുവദിച്ചിട്ടുള്ള മുഴുവൻ തുകയും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. എന്നിരുന്നാലും സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏതെങ്കിലും നടത്തേണ്ടിവരുന്ന അടിയന്തര സാഹചര്യത്തിൽ പദ്ധതി വിഹിതത്തിന്റെ 10% തുക ടി കാര്യത്തിനായി പൂർണ്ണമായും നീക്കി വയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഫ. നമ്പർ എ 3/249/2019/ഭ.പൊ.വി.വ. തീയതി.19-9-2022)

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ. 12292/സബ് സി ബി1/2021/നി.സെ.)

**ശിപാർശ**

2053-00-094-42—കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്ലാൻ ഫണ്ടിൽ നിന്നാണ് നിലവിൽ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കും അതോറിറ്റിയുടെയും സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിലെയും ജീവനക്കാർക്ക് ശമ്പളത്തിനും മറ്റ് അലവൻസുകൾക്കും ഉള്ള തുക നൽകിവരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. കേരള സംസ്ഥാന ദുരന്തനിവാരണ

അതോറിറ്റിയിലെ ഭൂരിഭാഗം ജീവനക്കാരും താൽക്കാലിക ജീവനക്കാരാണെന്നും അവരുടെ വേതനവും മറ്റ് അലവൻസുകളും നിലവിൽ പ്ലാൻ ഹെഡ്ഡിൽ നിന്നു തന്നെ നിർവ്വഹിക്കാവുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ഈ ആവശ്യത്തിനായി തുക വകയിരുത്തേണ്ടതില്ലായെന്നും എന്നാൽ പ്ലാൻ ഹെഡ്ഡിൽ (2053-00-094-50-Plan)ആവശ്യമുള്ള പക്ഷം അധിക തുക വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ 2053-00-094-50-പ്ലാൻ എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നിട്ടില്ലാത്തതും ബഡ്ജറ്റ് പ്രൊവിഷൻ മുഖാന്തിരം വകയിരുത്തിയിട്ടുള്ള തുകയ്ക്കുള്ളിൽ നിന്ന് ചെലവുകൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(റഫ. നമ്പർ ഡി.എം.എ. 4/354/2021/ഡി.എം.ഡി. തീയതി. 17-1-2023)

## അദ്ധ്യായം VII

<u>സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും.</u>

ഇല്ല

**കെ. രാജൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2024 ജൂൺ 25.

**അനുബന്ധം**

**കേരള നിയമസഭ**

## സബ്ജക്ട് കമ്മിറ്റി II (ഭൂനികുതിയും ദേവസ്വവും)

**2023 ജൂലൈ 4- ലെ യോഗനടപടിക്കുറിപ്പ്**

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2023 ജൂലൈ 4-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ, സമിതി ചെയർമാൻ ബഹു. റവന്യൂ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി ശ്രീ. കെ.രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ.എ. നെല്ലിക്കുന്ന്
2. ശ്രീ. കെ.ഡി. പ്രസേനൻ
3. ശ്രീ. എം. രാജഗോപാലൻ
4. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ജയശ്രീ. എം.,ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. മോഹനൻ. ഒ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി ടിങ്കു ബിസ്വാൾ , പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് .
2. ശ്രീ. എം.ജി.രാജമാണിക്യം, സ്പെഷ്യൽ സെക്രട്ടറി, റവന്യൂ (ദേവസ്വം)വകുപ്പ് .
3. ശ്രീ. അലി അസ്ഗർ പാഷ, സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്.
4. ശ്രീ. ആർ.എൽ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ് .
5. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ (ഏകോപനം) വകുപ്പ്.
6. ശ്രീമതി ലതാ കുമാരി എം.ബി., അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.

7. ശ്രീ. സീറാം സാംബശിവ റാവു, ഡയറക്ടർ, സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് ഡിപ്പാർട്ട്മെന്റ്.

8. ഡോ. ഡി. സജിത്ത് ബാബു, കമ്മീഷണർ ഓഫ് സിവിൽ സപ്ലൈസ് ആൻഡ് കൺസ്യൂമർ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്.

9. ശ്രീ. അനിൽ കുമാർ. സി, ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ് .

10. ശ്രീമതി ബീന കെ.ബി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.

11. ശ്രീ. സക്കീർ ഹുസൈൻ, രജിസ്ട്രാർ, കാർഷിക സർവ്വകലാശാല.

12. ശ്രീ. ബൈജു ജി., അഡ്മിനിസ്ട്രേറ്റീവ് മാനേജർ, കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി.

13. ശ്രീ. എൻ. വാസുദേവൻ നമ്പൂതിരി, അസിസ്റ്റന്റ് ഡയറക്ടർ, കൾച്ചറൽ ആൻഡ് ആർക്കിയോളജിക്കൽ വിംഗ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് .

14. ശ്രീ. തുളസീധരൻ പിള്ള എ.,റവന്യൂ ഡിവിഷണൽ ഓഫീസർ , അടൂർ.

15. ശ്രീ. എ. ഹബീബ്, ഡിവിഷണൽ വഖഫ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ് .

16. ശ്രീമതി ബീന പി. ആനന്ദ്, അസ്സിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.

17. ശ്രീമതി സുമയ്യ എം.എസ്., സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ,സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്.

പ്രസ്തുത യോഗത്തിൽ സമിതി, കരട് ചട്ടങ്ങൾ, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, വിവിധ വാർഷികപ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസ പത്രികകൾ എന്നിവ പരിഗണിയ്ക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ചുവടെ ചേർക്കും പ്രകാരം തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

## I) കരട് ചട്ടങ്ങളുടെ പരിഗണന :

1. 1995 -ലെ മുനിസിപ്പൽ ഭൂമി പതിവ് ചട്ടങ്ങൾ - കരട് ചട്ടം

(ഫയൽ നമ്പർ 1189/സബ് സി ബി1/2023/നി.സെ.)

1995-ലെ മുനിസിപ്പൽ ഭൂമി പതിവ് ചട്ടങ്ങൾ - ചട്ടം(9) ൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് തയ്യാറാക്കിയ കരട് ചട്ടം സമിതി അംഗീകരിച്ചു.

2. 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽച്ചെലവും (നിർത്തലാക്കൽ) ആക്റ്റിന്മേലുള്ള - കരട് ചട്ടം

(ഫയൽ നമ്പർ 7090/സബ് സി ബി1/2019/നി.സെ.)

പ്രസ്തുത ചട്ടം പരിഗണിച്ച സമിതി, ചട്ടത്തിന്റെ അനുബന്ധം II, ഫാറം നമ്പർ 2-ൽ (ചട്ടം 3 അനുസരിച്ചുള്ള കരട് നഷ്ടപരിഹാരപ്പട്ടികയിൽ) അവസാന ഭാഗത്തായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്, പേര്, തസ്തിക എന്നിവ ഉൾപ്പെടുത്തണം എന്ന ഭേദഗതിയോടെ അംഗീകരിക്കുകയും എസ്.ആർ.ഒ. അടിയന്തരമായി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് റവന്യൂ വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തു.

**II) നടപടി സ്റ്റേറ്റ്മെന്റ് പരിഗണന :**

1. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 4577/സബ് സി ബി1/2016/നി.സെ.)

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 26-ലെ ശിപാർശയിന്മേൽ കൃഷി(ഫാംസ്) വകുപ്പിൽ നിന്നും കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ച വേളയിൽ ദേശീയപാത വികസനത്തിന്റെ ഭാഗമായി മുറിച്ചുമാറ്റപ്പെട്ട മരങ്ങൾക്ക് പകരമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നതിനും ആയത് പീരിയോഡിക്കൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനും സമിതി തീരുമാനിച്ചു.

2. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3015/സബ് സി ബി1/2019/നി.സെ.)

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 21, 22 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഭക്ഷ്യപൊതുവിതരണ

വകുപ്പിൽ നിന്നും കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 12292/സബ് സി ബി1/2021/നി.സെ.)

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 4-ലെ ശിപാർശയിന്മേൽ ദുരന്തനിവാരണ വകുപ്പിൽ നിന്നും കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 11440/സബ് സി ബി1/2022/നി.സെ.)

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ റവന്യൂ [ഖണ്ഡിക 2,16,25] , പൊതുഭരണം (സൈനികക്ഷേമവകുപ്പ്) [ഖണ്ഡിക 8,9], റവന്യൂ (ദേവസ്വം) [ഖണ്ഡിക 12 മുതൽ 15 വരെയും 17 മുതൽ 22 വരെയും] എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**III) സമിതി നിർദ്ദേശത്തിന്മേലുള്ള നടപടി റിപ്പോർട്ട് പരിഗണന :**

ചോറ്റാനിക്കര ദേവീക്ഷേത്ര പരിസരത്ത് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സമിതി നിർദ്ദേശത്തിന്മേലുള്ള നടപടി റിപ്പോർട്ട് .

(ഫയൽ നമ്പർ 5109/സബ് സി ബി1/2019/നി.സെ.)

ചോറ്റാനിക്കര ദേവീക്ഷേത്ര പരിസരത്ത് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സമിതി നിർദ്ദേശത്തിന്മേൽ റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**IV) വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുന്ന കാലതാമസപത്രിക പരിഗണന:**

റവന്യൂ (ദേവസ്വം) വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലാഭരണകൂടത്തിന്റെ 2019-20 സാമ്പത്തികവർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്, റവന്യൂ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന വഖഫ് ബോർഡ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് എന്നിവയുടെ 2021-22 സാമ്പത്തികവർഷത്തെ വാർഷികപ്രവർത്തന റിപ്പോർട്ടുകൾ എന്നിവ യഥാസമയം സഭയിൽ സമർപ്പിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുന്ന കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**V) 2008 -ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - നികത്തപ്പെട്ട തണ്ണീർത്തടങ്ങളെ സംബന്ധിക്കുന്ന പുതിയ പട്ടിക ലഭ്യമാക്കാത്തത് സംബന്ധിച്ച് :**

(ഫയൽ നമ്പർ 3138/സബ് സി ബി1/2017/നി.സെ.)

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - നികത്തപ്പെട്ട തണ്ണീർത്തടങ്ങളെ സംബന്ധിക്കുന്ന പുതിയ പട്ടിക ലഭ്യമാക്കാത്തത് സംബന്ധിച്ച് റവന്യൂ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത വിഷയം പരിഗണിച്ച വേളയിൽ, കൃഷി വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് 2008-ൽ ആരംഭിച്ച ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ടെന്നും ആയത് സംബന്ധിച്ച നടപടികൾ ചർച്ച ചെയ്യുന്നതിനായി റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി 2023 ആഗസ്റ്റ് മാസം 2-ാം തീയതി സബ്ജക്ട് കമ്മിറ്റി II-ന്റെ യോഗം ചേരണമെന്നും സമിതി ചെയർമാൻ നിർദ്ദേശിച്ചു.

**VI) ക്വാറിയിങ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന 27-1-2016-ലെ സമിതി നിർദ്ദേശത്തിന്മേലുള്ള റിപ്പോർട്ട് ലഭ്യമാകാത്തത് സംബന്ധിച്ച് :**

(ഫയൽ നമ്പർ 2072/സബ് സി ബി1/2016/നി.സെ.)

പ്ലാന്റേഷന് വേണ്ടി ഭൂമി അനുവദിക്കുന്നത് 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 81(C) പ്രകാരവും എൽ.എ. പട്ടയം നൽകുന്നത് 1960-ലെ ഭൂമിപതിവ് നിയമം അനുസരിച്ചുമാണെന്നും ഭൂമിപതിവ് നിയമത്തിന്റെ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണെന്നും ആയത് നിയമസഭയിൽ

അവതരിപ്പിക്കേണ്ട വിഷയം ആയതിനാൽ സമിതിയിൽ ചർച്ച ചെയ്യാൻ സാധിക്കില്ലെന്നും ചെയർമാൻ വ്യക്തമാക്കി. കൂടാതെ, എൽ.എ. പട്ടയത്തിലെ ക്വാറികളുടെ പ്രശ്നം പരിഹരിക്കുന്നതിനായി 1960-ലെ ഭൂമിപതിവ് നിയമവും ചട്ടങ്ങളും തന്നെ പരിഗണിക്കേണ്ടതിനാൽ ഫയൽ നടപടി അവസാനിപ്പിക്കാവുന്നതാണെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

**VII) സമിതിയുടെ അഖിലേന്ത്യാ പഠനപര്യടനം സംബന്ധിച്ച് :**

സമിതിയുടെ അഖിലേന്ത്യാ പഠനപര്യടനം സെപ്റ്റംബർ മാസം മൂന്നാം വാരം നടത്തുന്നതിനായുള്ള രൂപരേഖ തയ്യാറാക്കുന്നതിനായി സമിതി അംഗങ്ങളായ ഡോ. എൻ. ജയരാജ്, ശ്രീ. കെ.ഡി. പ്രസേനൻ എന്നിവരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

ഉച്ചയ്ക്ക് ശേഷം 3.10-ന് യോഗം അവസാനിച്ചു.

## 2023 ആഗസ്റ്റ് 2-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2023 ആഗസ്റ്റ് 2-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ, സമിതി ചെയർമാൻ ബഹു. റവന്യൂ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി ശ്രീ. കെ.രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. എൻ. ജയരാജ്
2. ശ്രീ. എൻ.എ. നെല്ലിക്കുന്ന്
3. ശ്രീ. കെ.ഡി. പ്രസേനൻ
4. ശ്രീ. എം. രാജഗോപാലൻ
5. ശ്രീ. പി.ടി.എ. റഹീം (ഓൺലൈനിൽ ഹാജരായി)
6. ശ്രീ. പി.വി. ശ്രീനിജിൻ (ഓൺലൈനിൽ ഹാജരായി)

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. മോഹനൻ. ഒ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ.അബ്ദുൽ നാസർ ബി., അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
2. ശ്രീ. എസ്. സാബിർ ഹുസൈൻ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.
3. ശ്രീമതി ഷീജ ആർ.എസ്. ജോയിന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
4. ശ്രീമതി ജോസ്നാമോൾ, ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്.
5. ശ്രീമതി. ബീന പി. ആനന്ദ് , അസിസ്റ്റന്റ് കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ് , ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.
6. ശ്രീമതി ദീപ പി.ആർ., അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
7. ശ്രീ. ഷഹൻഷാ എ., അണ്ടർ സെക്രട്ടറി, റവന്യൂ വകുപ്പ്.
8. ശ്രീ. അസിം സേട്ട്, സീനിയർ സൂപ്രണ്ട്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.

പ്രസ്തുത യോഗത്തിൽ സമിതി, 2008.-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച് റവന്യൂ, തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു.

ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുമ്പോൾ തണ്ണീർത്തടങ്ങളെ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തണമെന്നും തണ്ണീർത്തടങ്ങൾ ഇല്ലാത്ത പ്രദേശങ്ങളെ 'സീറോ ലാൻഡ്' എന്നോ 'തണ്ണീർത്തടങ്ങൾ ഇല്ല' എന്നോ രേഖപ്പെടുത്തണമെന്ന് ബഹു. അംഗങ്ങൾ അഭിപ്രായപ്പെട്ടു. നിലവിൽ 'തണ്ണീർത്തടങ്ങൾ ഇല്ല' എന്ന് രേഖപ്പെടുത്തിയ പല സ്ഥലങ്ങളും തണ്ണീർത്തടങ്ങൾ ഉണ്ടായിരിക്കാൻ സാധ്യത ഉള്ളതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പുനഃപരിശോധിക്കണമെന്നും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 'നെൽവയലും തണ്ണീർത്തടങ്ങളും' നിയമത്തിലെ നിർവ്വചനം അനുസരിച്ച് തന്നെ വ്യവച്ഛേദിച്ച് അടിയന്തരമായി പ്രസിദ്ധീകരിക്കേണ്ടതാണെന്നും 2023 സെപ്റ്റംബർ 16-നകം സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു. തദ്ദേശ സ്വയംഭരണവകുപ്പ് റിപ്പോർട്ട് ചെയ്ത പ്രകാരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത 21 സ്ഥലങ്ങളിൽ 6 എണ്ണം ഒഴികെയുള്ള സ്ഥലങ്ങളിൽ തണ്ണീർത്തടങ്ങളില്ലാത്തതിനാൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനാൽ 21 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ

സംബന്ധിച്ച് റവന്യൂ, കൃഷി എന്നീ വകുപ്പുകൾ പരിശോധിക്കണമെന്നും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ച് നടപടിക്രമം അവസാനിപ്പിക്കണമെന്നും സമിതി ചെയർമാൻ നിർദ്ദേശിച്ചു .

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട നിയമം അനുസരിച്ച് ഫോറം നമ്പർ 5 പ്രകാരം ഡാറ്റാ ബാങ്കിൽ നിന്നൊഴിവാക്കുന്നതിനും തെറ്റ് തിരുത്തുന്നതിനുമായി 87,000-ത്തോളം അപേക്ഷകൾ പെൻഡിംഗിലാണെന്നും കൃത്യമായി പ്രാദേശിക നിരീക്ഷണ സമിതി കൂടാത്തതിനാലാണ് ഫോറം നമ്പർ 5 -ൽപ്പെട്ട റിപ്പോർട്ടുകൾ കാലതാമസം വരുന്നതെന്നും കൃഷി ഓഫീസറുടെ അലംഭാവംമൂലം നിരീക്ഷണ സമിതികൾ ചേരാൻ കഴിയാത്തിടങ്ങൾ കണ്ടെത്തി അടിയന്തര നടപടി സ്വീകരിക്കേണ്ടതും അത്തരം ഇടങ്ങളിൽ ഒരു മാസത്തിനകം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കേണ്ടതുമാണെന്നും കാലതാമസമുണ്ടായതായി റിപ്പോർട്ട് ചെയ്യുന്നിടങ്ങളിൽ RDO-മാർ തുടർനടപടി സ്വീകരിക്കേണ്ടതാണെന്നും ചെയർമാൻ നിർദ്ദേശിച്ചു. കൂടാതെ, ഫോറം നമ്പർ 5-നെ കുറിച്ച് സർക്കാരിലേക്ക് സബ്ജക്റ്റ് കമ്മിറ്റിയുടെ അധികാരം ഉപയോഗിച്ച് പൊതുവായ അഭിപ്രായം രേഖപ്പെടുത്തുന്നത് നന്നായിരിക്കുമെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു .

2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിലേയ്ക്ക് റവന്യൂ, തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പുകൾക്ക് സമിതി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. കൂടാതെ, റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പുകളുടെ ഒരു സംയുക്തയോഗം ബഹു. കേരള ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം സംബന്ധിച്ച് അവ്യക്തത നീക്കുന്നതിനും പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിലെ അപാകതകൾ ഇല്ലാതാക്കുന്നതിനും നടപടികൾ തീരുമാനിച്ച് 2023 സെപ്റ്റംബർ 16-നകം നിയമസഭാ സമിതിയ്ക്ക് റിപ്പോർട്ട് നൽകേണ്ടതാണെന്നും ചെയർമാൻ നിർദ്ദേശിച്ചു.

**റവന്യൂ വകുപ്പ്**

- പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റാ ബാങ്ക് സംബന്ധിച്ച് നിലവിൽ പരാതികൾ ഉണ്ടെങ്കിൽ അതത് RDO-മാർ പരിശോധിച്ച് തിരുത്തൽ വരുത്തി പുതിയ ഡാറ്റാ ബാങ്ക് ഒരു മാസത്തിനകം നോട്ടിഫൈ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിച്ച് അവ പ്രസിദ്ധീകരിച്ചതായി ഉറപ്പാക്കേണ്ടതാണ്.

- സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചതായി ഉറപ്പാക്കേണ്ടതും നെൽവയൽ, തണ്ണീർത്തടങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങൾ സീറോ ഡാറ്റാ ബാങ്ക് ആയി പ്രസിദ്ധീകരിക്കാൻ നിർദ്ദേശിക്കേണ്ടതുമാണ്.

- പ്രാദേശിക നിരീക്ഷണ സമിതികൾ എല്ലാ മാസവും ഒരു ദിവസമെങ്കിലും കൂടുന്നതായി ഉറപ്പാക്കേണ്ടതും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് നിരീക്ഷണസമിതികൾ യോഗം ചേരുന്നതിന് കാലതാമസമുണ്ടായതായി റിപ്പോർട്ട് ചെയ്യുന്നിടങ്ങളിൽ RDO-മാർ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

- കൃഷി ഓഫീസറുടെ അസാന്നിധ്യംമൂലം ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് കാലതാമസമുണ്ടായതായി റിപ്പോർട്ട് ചെയ്യുന്നിടങ്ങളിൽ RDO-മാർ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

**തദ്ദേശസ്വയംഭരണ വകുപ്പ്**

- ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 'നെൽവയലും തണ്ണീർത്തടങ്ങളും' നിയമത്തിലെ നിർവ്വചനം അനുസരിച്ച് തന്നെ വ്യവച്ഛേദിച്ച് അടിയന്തരമായി പ്രസിദ്ധീകരിക്കേണ്ടതും നെൽവയലും തണ്ണീർത്തടങ്ങളും ഇല്ലാത്ത സ്ഥാപനങ്ങൾ സീറോ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കേണ്ടതുമാണ്.

- 2-8-2023-ലെ യോഗത്തിൽ വ്യക്തമാക്കപ്പെട്ട, ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അടിയന്തരമായി ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ച് 2023 സെപ്റ്റംബർ 16 -നകം സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

**കൃഷി വകുപ്പ്**

- നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നിശ്ചയിക്കപ്പെട്ട പ്രാദേശിക നിരീക്ഷണ സമിതികളുടെ പ്രവർത്തനം അവലോകനം ചെയ്ത് നിയമസഭാ സമിതിയ്ക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

- കൃഷി ഓഫീസറുടെ അലംഭാവംമൂലം നിരീക്ഷണ സമിതികൾ ചേരാൻ കഴിയാത്തിടങ്ങൾ കണ്ടെത്തി അടിയന്തര നടപടി സ്വീകരിക്കേണ്ടതും അത്തരം ഇടങ്ങളിൽ ഒരു മാസത്തിനകം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കേണ്ടതുമാണ്.

തുടർന്ന്, സമിതി 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 1,23,24,26,27 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ച് അംഗീകരിക്കുകയും ചെയ്തു. ആയതിൽ ഖണ്ഡിക 23,24 എന്നിവ പ്രകാരം മൂന്ന് വില്ലേജ് ഓഫീസുകൾക്ക് ഒരു വാഹനം എന്ന നിലയിൽ വാടകയ്ക്ക് വാഹന സൗകര്യം ഏർപ്പെടുത്തേണ്ടതും പട്ടയങ്ങൾ ഡിജിറ്റൈസ് ചെയ്യേണ്ടതും

പ്രാധാന്യമുള്ള വിഷയങ്ങൾ ആയതിനാലാണ് അധിക തുക അനുവദിക്കുന്നതിനായി സമിതി ശിപാർശ ചെയ്തതെന്ന് വ്യക്തമാക്കുകയും പ്രസ്തുത ശിപാർശകളിന്മേൽ തുക അനുവദിക്കാത്തതിനാൽ സബ്ജക്ട് കമ്മിറ്റിയുടെ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. കൂടാതെ, തുക ആവശ്യപ്പെട്ടിട്ടും അനുവദിക്കാത്തതിന്റെ കാരണം ആരായുന്നതിനായി ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും സമിതി തീരുമാനിച്ചു .

സമിതിയുടെ അഖിലേന്ത്യാ പഠന പരിപാടി സംബന്ധിച്ച് രണ്ട് പ്രൊപ്പോസലുകൾ നിയമസഭാ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാക്കി സമിതി അംഗങ്ങളായ ഡോ. എൻ. ജയരാജ്, ശ്രീ. കെ. ഡി. പ്രസേനൻ എന്നിവരെ ഏൽപ്പിക്കണമെന്നും 2023 ആഗസ്റ്റ് 7-ാം തീയതി ആയത് പരിശോധിച്ച് തീരുമാനമെടുക്കാമെന്നും ചെയർമാൻ അറിയിച്ചു.

ഉച്ചയ്ക്ക് ശേഷം 12.40-ന് യോഗം അവസാനിച്ചു.

## 2023 ആഗസ്റ്റ് 9-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2023 ആഗസ്റ്റ് 9-ാം തീയതി ബുധനാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 4.15-ന് നിയമസഭാ സമുച്ചയത്തിലെ '4 A' സമ്മേളന ഹാളിൽ, സമിതി ചെയർമാൻ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ. രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് - ഒഫീഷ്യോ അംഗവും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണനും തദവസരത്തിൽ സന്നിഹിതനായിരുന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. എൻ. ജയരാജ്
2. ശ്രീ. എൻ.എ. നെല്ലിക്കുന്ന്
3. ശ്രീ. പി.ടി.എ. റഹീം
4. ശ്രീ. എം. രാജഗോപാലൻ
5. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
6. ശ്രീ. സനീഷ്കുമാർ ജോസഫ്
7. ശ്രീ. പി.വി. ശ്രീനിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

2. ശ്രീ. മോഹനൻ. ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എൻ.വി.സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

2. ശ്രീമതി ശോഭനകുമാരി പി., ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ വകുപ്പ്.

3. ശ്രീമതി രജനി സി, അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്.

സമിതി, 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ പരിഗണിക്കുകയും താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ, സമിതി പരിഗണിക്കുകയും ബില്ലിന്റെ പീഠികയിൽ 'എഴുപത്തി മൂന്നാം' എന്നതിന് പകരം 'എഴുപത്തി നാലാം' എന്നും ചുരുക്കപ്പേരിൽ '2022' എന്നതിനു പകരം '2023' എന്നും ചേർക്കാൻ തീരുമാനിച്ചു. പ്രസ്തുത ബിൽ ഭേദഗതി കൂടാതെ അംഗീകരിച്ചു.

ബഹു. അംഗങ്ങളായ ശ്രീ. എൻ.എ. നെല്ലിക്കുന്ന്, എം.എൽ.എ., ശ്രീ. സനീഷ്കുമാർ ജോസഫ്, എം.എൽ.എ. എന്നിവർ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

വൈകുന്നേരം 4.35-ന് യോഗം അവസാനിച്ചു.

**2023 ആഗസ്റ്റ് 10-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്**

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2023 ആഗസ്റ്റ് 10-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 4.45-ന് നിയമസഭാ സമുച്ചയത്തിലെ 610-ാം നമ്പർ സമ്മേളന ഹാളിൽ, സമിതി ചെയർമാൻ ബഹു. റവന്യൂ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി ശ്രീ. കെ.രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. എൻ. ജയരാജ്

2. ശ്രീ. എൻ.എ. നെല്ലിക്കുന്ന്

3. ശ്രീ. പി.ടി.എ. റഹീം

4. ശ്രീ. എം. രാജഗോപാലൻ

5. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

6. ശ്രീ. സനീഷ്‌കുമാർ ജോസഫ്

7. ശ്രീ. പി.വി. ശ്രീനിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

2. ശ്രീ. മോഹനൻ. ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. എ. കൗശിഗൻ, ലാൻഡ് റവന്യൂ കമ്മീഷണർ.
2. ശ്രീ. അബ്ദുൽ നാസ്സർ ബി., അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
3. ശ്രീ. ആർ. എൽ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
4. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീമതി ചിത്ര കെ. ദിവാകരൻ, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ വകുപ്പ്.
6. ശ്രീമതി രജനി സി, അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്.
7. ശ്രീ. ഷഹൻ ഷാ, അണ്ടർ സെക്രട്ടറി, റവന്യൂ വകുപ്പ്.
8. ശ്രീ. അനു.എസ്. നായർ, അസിസ്റ്റന്റ് കമ്മീഷണർ, റവന്യൂ വകുപ്പ്.
9. ശ്രീ.രോഹിൻ രാജ് ആർ., അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ.
10. ശ്രീമതി ബീന പി. ആനന്ദ്, അസിസ്റ്റന്റ് കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.

സമിതി, 2023 -ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ, The Kerala Government Land Assignment (Amendment) Bill, 2023, The Kerala Building Tax (Amendment) Bill, 2023 എന്നിവയുടെ പരിഗണനയ്ക്കായി ചേർന്ന പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

2023 -ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ, സമിതി പരിഗണിക്കുകയും പ്രസ്തുത ബില്ലിലെ ഖണ്ഡം 2 മുഖേന പ്രധാന ആക്ടിലെ 2-ാം വകുപ്പിൽ ഖണ്ഡം (xv)-ന ശേഷം കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന ഉപഖണ്ഡം (xv എ) -യിലെ ആദ്യവരിയിലെ 'സംസ്ഥാന സർക്കാർ' എന്നീ വാക്കുകളിൽ നിന്നും 'സംസ്ഥാന' എന്ന വാക്ക് ഒഴിവാക്കേണ്ടതാണ് എന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു .

The Kerala Government Land Assignment (Amendment) Bill, 2023, സമിതി പരിഗണിക്കുകയും പ്രസ്തുത ബില്ലിലെ

i) ഖണ്ഡം 2 മുഖേന പ്രധാന ആക്ടിലെ 4-ാം വകുപ്പിന ശേഷം കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന 4A(1) , 4A(2) എന്നീ വകുപ്പുകളിലെ ‘ thereunder’ എന്ന വാക്കിന പകരം ‘under this Act’ എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ii) ഖണ്ഡം 3 മുഖേന ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 7-ാം വകുപ്പിൽ ‘clause’ , ‘clauses’ എന്നീ വാക്കുകൾക്കു പകരം യഥാക്രമം ‘item’ , ‘items’ എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ii) ഖണ്ഡം 3 മുഖേന ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 7-ാം വകുപ്പിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന ഇനം (oa)-ലെ ‘thereunder’ എന്ന വാക്കിന പകരം ‘under this Act’ എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

എന്നീ ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു .

The Kerala Building Tax (Amendment) Bill, 2023 സമിതി പരിഗണിക്കുകയും പ്രസ്തുത ബില്ലിലെ ഖണ്ഡം 3 മുഖേന ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 2 -ാം വകുപ്പിൽ വിശദീകരണം 2 -(ii) -ലെ ‘will’ എന്ന വാക്കിന പകരം 'shall' എന്ന വാക്ക് ചേർക്കേണ്ടതാണ് എന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു .

ബഹു. അംഗങ്ങളായ ശ്രീ.എൻ.എ.നെല്ലിക്കുന്ന്, എം.എൽ.എ., ശ്രീ.സനീഷ്കുമാർ ജോസഫ്, എം.എൽ.എ. എന്നിവർ ബില്ലുകളിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

വൈകുന്നേരം 5.20-ന് യോഗം അവസാനിച്ചു.

## 2023 സെപ്റ്റംബർ 27 - ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2023 സെപ്റ്റംബർ 27-ന് രാവിലെ 11.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ ‘5 എ’ സമ്മേളന ഹാളിൽ, ബഹു. സമിതി ചെയർമാന്റെയും എക്സ്-ഒഫീഷ്യോ അംഗത്തിന്റെയും അസാന്നിധ്യത്തിൽ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 184(3) പ്രകാരം, ബഹു. സമിതിയംഗം ശ്രീ. കെ.ഡി. പ്രസേനന്റെ അധ്യക്ഷതയിൽ ഓൺലൈനായി യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ.എ. നെല്ലിക്കുന്ന്
2. ശ്രീ. പി.ടി.എ.റഹീം
3. ശ്രീ.സനീഷ്കുമാർ ജോസഫ്
4. ശ്രീ. പി. വി. ശ്രീനിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജയശ്രീ.എം.,ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ.ഒ., അണ്ടർ സെക്രട്ടറി.

പ്രസ്തുത യോഗത്തിൽ സമിതി, 2023 ഒക്ടോബർ 11 മുതൽ നടത്താൻ തീരുമാനിച്ചിരുന്ന അഖിലേന്ത്യാ പഠനപര്യടന പരിപാടിയുടെ കരട് പരിഗണിക്കുകയും ഒക്ടോബർ 12 മുതൽ 17 വരെയുള്ള ദിവസങ്ങളിലായി റീ ഷെഡ്യൂൾ ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

തദവസരത്തിൽ സമിതിയുടെ എക്സ് - ഒഫീഷ്യോ അംഗം ബഹു. പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി ശ്രീ.കെ.രാധാകൃഷ്ണൻ അഖിലേന്ത്യാ പഠനപര്യടന പരിപാടിയിൽ പങ്കെടുക്കുന്നില്ലെന്ന് അറിയിച്ചു.

ഉച്ചയ്ക്ക് 12.00-ന് യോഗം അവസാനിച്ചു.

## 2024 ജനവരി 10 -ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II, 2024 ജനവരി 10- ാം തീയതി നിയമസഭാസമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ. രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണത്തിലെ കാലതാമസവും പ്രസിദ്ധീകരിച്ചതിലെ അപാകതകളും സംബന്ധിച്ച് റവന്യൂ, തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പുകൾ സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു.

ഹാജരായ അംഗങ്ങൾ :

1. ഡോ. എൻ. ജയരാജ്
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. കെ .ഡി. പ്രസേനൻ
4. ശ്രീ. എം. രാജഗോപാലൻ
5. ശ്രീ. പി. ടി. എ. റഹീം
6. ശ്രീ. പി. വി. ശ്രീനിജിൻ (ഓൺലൈനായി).

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. വേണുഗോപാൽ ആർ., ജോയിന്റ് സെക്രട്ടറി.
2. ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ടിങ്കു ബിസ്വാൾ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
2. ഡോ. ബി. അശോക്, പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്. ( അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ).
3. ശ്രീ. കെ. മുഹമ്മദ് വൈ. സഫിറുള്ള, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
4. ശ്രീമതി എ. ഗീത, ജോയിന്റ് കമ്മീഷണർ , ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.

5. ശ്രീ. മുഹമ്മദ് ഹനീഫ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.

6. ശ്രീമതി ബീനാമോൾ ആന്റണി, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്.

7. ശ്രീ. ബി. കെ. ബാലരാജ, അഡീഷണൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.

8. ശ്രീമതി ജോസ്നാ മോൾ, ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.

9. ശ്രീമതി സിന്ധു ദേവി പി., ജോയിന്റ് ഡയറക്ടർ, കൃഷി വകുപ്പ്.

10. ശ്രീ. ഷഹൻഷാ എ., അണ്ടർ സെക്രട്ടറി, റവന്യൂ വകുപ്പ്.

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി ll, 2023 ആഗസ്റ്റ് 2 -ാം തീയതി ചേർന്ന യോഗത്തിൽ ഡാറ്റാ ബാങ്കിന്റെ പ്രസിദ്ധീകരണം സംബന്ധിച്ച നടപടികൾ അടിയന്തരമായി പൂർത്തിയാക്കാൻ റവന്യൂ, തദ്ദേശസ്വയംഭരണ, കൃഷി വകുപ്പുകളോട് നിർദ്ദേശം നൽകുകയും നടപടി റിപ്പോർട്ട് 2023 സെപ്റ്റംബർ 16-നകം സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ ടി വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനായാണ് ഇപ്പോൾ യോഗം ചേർന്നിട്ടുള്ളതെന്ന് ബഹു. സമിതി ചെയർമാൻ ആമുഖമായി പറഞ്ഞു.

2021 ഫെബ്രുവരി 1-ാം തീയതി വരെ ലഭ്യമായ ഓഫ് ലൈൻ ഭൂമി തരംമാറ്റ അപേക്ഷകളിൽ ഏകദേശം 100 ശതമാനവും സ്പെഷ്യൽ ഡ്രൈവ് നടത്തി പരിഹരിച്ചിട്ടുള്ളതാണെന്നും എന്നാൽ ടി തീയതി വരെ ലഭ്യമായ ഓൺലൈൻ തരംമാറ്റ അപേക്ഷകളിൽ 2,64,000 അപേക്ഷകൾ വിവിധ ഘട്ടങ്ങളിൽ പെൻഡിംഗിലാണെന്നും ആയതിൽ പരമാവധി അപേക്ഷകൾ ജനുവരി 15 മുതൽ ഫെബ്രുവരി 17 വരെ 27 ആർ.ഡി.ഒ. കേന്ദ്രങ്ങളിലായി നടത്തുന്ന അദാലത്തിലൂടെ പരിഹരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ബഹു. ചെയർമാൻ വിശദീകരിച്ചു.

തെളിവെടുപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## റവന്യൂ വകുപ്പ്

പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റാ ബാങ്കിൽ അപാകതകൾ ഉണ്ടെങ്കിൽ ആർ.ഡി.ഒ.-മാർ പരിശോധിച്ച് പുതിയ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചുവെന്ന് ഉറപ്പുവരുത്തണമെന്നും കൂടാതെ എല്ലാ മാസവും എൽ.എൽ.എം.സി. ചേരുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും അല്ലാത്ത പക്ഷം ആർ.ഡി.ഒ. -മാർ തുടർ നടപടി സ്വീകരിക്കണമെന്നും 2-8-2023 -ലെ യോഗത്തിൽ റവന്യൂ

വകുപ്പിന് നിർദ്ദേശം നൽകിയിട്ടും അതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഒന്നും റവന്യൂ വകുപ്പ് നൽകിയ നടപടി റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലെന്ന് ബഹു. ചെയർമാൻ അഭിപ്രായപ്പെട്ടു.

2023 ഡിസംബർ 29 -ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പുകളുമായി സംയുക്ത യോഗം ചേർന്ന് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം അടിയന്തരമായി നിയന്ത്രിക്കുന്നതിനായി, ക്ലസ്റ്റർ അടിസ്ഥാനത്തിൽ ടി മൂന്ന് വകുപ്പുകൾ സംയുക്തമായി വെരിഫിക്കേഷൻ നടത്തി ഫോം 5 -മേലുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിച്ചതായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

**തദ്ദേശസ്വയംഭരണ വകുപ്പ്**

ഫോം നമ്പർ 5-മായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി എൽ.എൽ.എം.സി. യോഗങ്ങൾ ചേരുന്നത് സംബന്ധിച്ച കൃത്യമായ കണക്ക് ഹാജരാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന് സമിതി നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് പാലിക്കപ്പെടുന്നില്ലെന്ന് ബഹു. ചെയർമാൻ അഭിപ്രായപ്പെടുകയും നിയമസഭാ സാമാജികരും മന്ത്രിയും അടങ്ങുന്ന സമിതി യോഗങ്ങളിൽ വകുപ്പ് സെക്രട്ടറി ഹാജരാകാത്തതിൽ അതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. കൂടാതെ, ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാത്ത സ്ഥാപനങ്ങൾക്ക് അതിനായി 2023 സെപ്റ്റംബർ 16 വരെ സമിതി സമയം അനുവദിച്ചിരുന്നുവെങ്കിലും ആയത് പൂർത്തിയാക്കിയിട്ടില്ലെന്നും പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം റിപ്പോർട്ടിൽ വിശദീകരിച്ചിട്ടില്ലെന്നും ബഹു. ചെയർമാൻ വ്യക്തമാക്കി.

നാല് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാനുണ്ടെന്നും എല്ലാ മാസവും എൽ.എൽ.എം.സി. ചേരുന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി.

റവന്യൂ, തദ്ദേശസ്വയംഭരണ, കൃഷി വകുപ്പുകളുടെ ഉന്നതതലയോഗം ചേർന്ന് നിശ്ചിത തീയതിക്കുള്ളിൽ ഡാറ്റാ ബാങ്ക് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**കൃഷി വകുപ്പ്**

കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുള്ള കൃഷിഭവനുകളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂവെന്നും വിശദമായ മറുപടി ലഭ്യമാക്കേണ്ടതായിരുന്നുവെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

തീർപ്പാക്കാൻ ശേഷിക്കുന്ന ഫോം 5 അപേക്ഷകളിൽ KSREC-യുടെ ഡാറ്റാ ലഭ്യമായവയ്ക്ക് മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ അറിയിച്ചു. കൂടാതെ, എൽ.എൽ.എം.സി.-യുടെ അംഗീകാരം വേണമെന്ന് ആർ.ഡി.ഒ. -മാർ ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ മാത്രം അത് നൽകിയാൽ മതിയെന്നും അല്ലാത്ത സാഹചര്യങ്ങളിൽ കൃഷി ഓഫീസർമാർ നേരിട്ട് പരിശോധന നടത്തി തുടർനടപടി സ്വീകരിക്കാമെന്നും തീരുമാനിച്ചാൽ തീർപ്പാക്കൽ നടപടി സുഗമമാക്കാമെന്ന് അഗ്രി. പ്രൊഡക്ഷൻ കമ്മീഷണർ അഭിപ്രായപ്പെട്ടു. എന്നാൽ, ഫോം 5-ലെ അപേക്ഷകളിൽ എൽ.എൽ.എം.സി.-യുടെ അംഗീകാരം ഒഴിവാക്കി കൃഷി ഓഫീസറെ മാത്രമായി ചുമതലപ്പെടുത്തേണ്ടതില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 1054 ഡാറ്റാ ബാങ്കുകളിൽ 393 എണ്ണം മാത്രമാണ് KSREC സാധൂകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് എന്ന് വിലയിരുത്തിയ സമിതി, KSREC-യുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി ഡാറ്റാ ബാങ്ക് ഡിജിറ്റൈസ് ചെയ്യുന്നതിന് പ്രാദേശിക തലത്തിൽ നടപടി സ്വീകരിക്കുന്നതിന് കൃഷി വകുപ്പ് മുൻകൈ എടുക്കേണ്ടതാണെന്നും അപ്രകാരം ഡിജിറ്റൈസ് ചെയ്ത് ലഭിക്കുന്ന ഡാറ്റാ ബാങ്കുകളുടെ സാധൂകരണം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് KSREC നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം പൂർത്തിയാക്കുന്നതിനുള്ള തീയതി പുതുക്കി നിശ്ചയിക്കണമെന്നും ബന്ധപ്പെട്ട മൂന്ന് വകുപ്പുകളുടെയും യോഗം വിളിച്ച് ചേർത്ത് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണത്തിലെ അപാകതകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തണമെന്ന് ചീഫ് സെക്രട്ടറിയോട് നിർദ്ദേശിക്കണമെന്നും ബഹു. സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

2023-ൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം പൂർത്തിയാക്കുമെന്നുള്ള സബ്ജക്ട് കമ്മിറ്റിയുടെ അഷ്വറൻസ് പാലിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ സമയ ബന്ധിതമായി നടപടി സ്വീകരിക്കണമെന്ന് ബഹു. ചെയർമാൻ അഭിപ്രായപ്പെടുകയും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം പൂർത്തീകരിക്കുന്നതിനും പ്രസിദ്ധീകരിച്ചവയിലെ അപാകതകൾ പരിഹരിക്കുന്നതിനുമുള്ള സമയപരിധി 2024 ഫെബ്രുവരി 28 ആയി പുതുക്കി നിശ്ചയിക്കുകയും ടി സമയപരിധിക്കുള്ളിൽ കുറ്റമറ്റ രീതിയിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം പൂർത്തിയാക്കുന്നതിനായി റവന്യൂ, തദ്ദേശസ്വയംഭരണ, കൃഷി വകുപ്പ് സെക്രട്ടറിമാരുടെ സംയുക്തയോഗം വിളിച്ച് ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടാനും സമിതി തീരുമാനിച്ചു.

ഉച്ചയ്ക്ക് ശേഷം 3.10-ന് യോഗം അവസാനിച്ചു.

**2024 ഫെബ്രുവരി 21-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്**

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2024 ഫെബ്രുവരി 21-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ.രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. അഹമ്മദ് ദേവർകോവിൽ, എം.എൽ. എ.
2. ഡോ. എൻ.ജയരാജ്, ഗവ. ചീഫ് വിപ്പ്
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം. എൽ. എ. (ഓൺലൈൻ)
4. ശ്രീ. കെ.ഡി.പ്രസേനൻ, എം.എൽ. എ.
5. ശ്രീ. പി. ടി. എ. റഹീം, എം. എൽ. എ (ഓൺലൈൻ)
6. ശ്രീ. എം.രാജഗോപാലൻ, എം.എൽ. എ.
7. ശ്രീ. സനീഷ്കുമാർ ജോസഫ്, എം.എൽ. എ. (ഓൺലൈൻ)
8. ശ്രീ. പി. വി. ശ്രീനിജിൻ, എം. എൽ. എ. (ഓൺലൈൻ).

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1 . ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി
2 . ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി ടിങ്കു ബിസ്വാൾ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
2. ശ്രീ. സീറാം സാംബശിവ റാവു, ഡയറക്ടർ , സർവ്വേയും ഭൂരേഖയും വകുപ്പ്.
3. ശ്രീമതി എ. ഗീത, ജോയിന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.
4. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീ. ടി.ആർ .ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

6. ശ്രീ. ഷാജഹാൻ എസ്. അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.

7. ശ്രീമതി സോന ശിവൻ, ഫിനാൻസ് ഓഫീസർ, സർവ്വേ ഡയറക്ടറേറ്റ്.

8. ശ്രീ. സ്കോട്ട് കെ.കെ., ഫിനാൻസ് ഓഫീസർ, ലാൻഡ് ബോർഡ്.

സമിതി, 2024-25 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ധനാഭ്യർത്ഥന നമ്പർ VI-ഭൂനികുതി ശീർഷകത്തിലെ കണക്കിനങ്ങൾ സൂക്ഷ്മ പരിശോധന നടത്തുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു .

**ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി**

2029-00-101-99—വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കെട്ടിടനികുതി ഇനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടിശ്ശികയായി നിൽക്കുന്ന തുക മുഴുവൻ അടച്ച് തീർക്കുന്നതിനായി 2029-00-101-99-06 എന്ന ശീർഷകത്തിൽ 1.5 കോടി രൂപയും വില്ലേജ് ഓഫീസുകളുടെ വെള്ളക്കരം ഇനത്തിൽ 2029-00-101-99-05(1) എന്ന ശീർഷകത്തിൽ 80 ലക്ഷം രൂപയും അധികമായി ആവശ്യമുള്ളതായി മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ആകെ 2.30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വില്ലേജ് ഓഫീസുകളിലെ ഉദ്യോഗസ്ഥർ ജോലിഭാരം കൂടുതൽ ഉള്ളവരും ഔദ്യോഗികമായ വിവിധ അടിയന്തര ആവശ്യങ്ങൾക്ക് സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകുവാൻ ബാധ്യസ്ഥരുമാണെന്നും കേരളത്തിലെ വില്ലേജ് ഓഫീസുകൾ വലിയ തോതിൽ വാഹനക്ഷാമം നേരിടുന്നതിനാൽ അടിസ്ഥാന ആവശ്യങ്ങൾക്കും ജനങ്ങളുടെ പരാതികൾക്കും സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ കഴിയാതെ, വകുപ്പിന്റെ പ്രവർത്തനത്തിൽ കടുത്ത ആക്ഷേപം നേരിടുന്നതായും മനസ്സിലാക്കിയ സമിതി 3 വില്ലേജ് ഓഫീസുകൾക്ക് ഒരു വാഹനം എന്ന നിലയിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് 2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലും 2023-24 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലും തുടർച്ചയായി ശിപാർശ നൽകിയിരുന്നുവെങ്കിലും പ്രസ്തുത ആവശ്യം ഇതുവരെ

അംഗീകരിക്കാത്ത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും പ്രസ്തുത ആവശ്യം മുൻനിർത്തി സ്ഥലപരിശോധന ഉൾപ്പെടെയുള്ള ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി 3 വില്ലേജ് ഓഫീസുകൾക്ക് ഒന്ന് എന്ന നിലയിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിലേക്കായി 2029-00-101-99-97 എന്ന ശീർഷകത്തിൽ 18.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

ആയതിൻ പ്രകാരം ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2029-00-101-99 -വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് എന്ന ശീർഷകത്തിൽ ആകെ 20.8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. .

2029-00-800-74—<u>കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമപ്രകാരമുള്ള ചെലവുകൾ</u>

അനധികൃതമായി നികത്തിയ നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ടിവരുന്ന കേസുകളിൽ ഉത്തരവ് നടപ്പിലാക്കാൻ റിവോൾവിംഗ് ഫണ്ടായി 2029-00-800-74-34-03-മറ്റു ചെലവുകൾ എന്ന ശീർഷകത്തിൽ 6 ലക്ഷം രൂപാ മാത്രമാണ് വകയിരുത്തിയതെന്ന് മനസ്സിലാക്കിയ സമിതി ബഹു. ധനകാര്യ വകുപ്പ് മന്ത്രി ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ, ഈ ആവശ്യത്തിലേയ്ക്കായി പ്രഖ്യാപിച്ച 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2029-00-103-95—<u>ഭൂരേഖാ സേവനലഭ്യതയും ഉദ്ഗ്രഥനവും</u>

17 വില്ലേജുകളിലെ ആധുനിക സർവ്വേ പ്രവർത്തനങ്ങളുടെ പൂർത്തീകരണം, ഐ.ടി. ഇൻഫ്രാസ്ട്രക്ചർ നവീകരണം, സി.എസ്.ഒ. യിലെ രേഖകളുടെ ഭൗതിക സംരക്ഷണം, 'എന്റെ ഭൂമി' പോർട്ടലിൽ ആർക്കൈവ്സ് റെക്കോഡുകൾ, ILMS, ബ്ലോക്ക് ചെയിൻ തുടങ്ങിയവ നടപ്പിലാക്കൽ എന്നിവയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 4.42 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഉച്ചയ്ക്ക് ശേഷം 12.10-ന് യോഗം അവസാനിച്ചു.

## 2024 ഫെബ്രുവരി 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്_

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2024 ഫെബ്രുവരി 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു.പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1.ശ്രീ. അഹമ്മദ് ദേവർകോവിൽ, എം.എൽ. എ.

2.ഡോ. എൻ.ജയരാജ്, ഗവ. ചീഫ് വിപ്പ് (ഓൺലൈൻ)

3.ശ്രീ. കെ.ഡി.പ്രസേനൻ, എം.എൽ. എ.

4.ശ്രീ. പി.ടി.എ.റഹീം, എം.എൽ.എ.

5.ശ്രീ. സനീഷ്കുമാർ ജോസഫ്, എം.എൽ. എ. (ഓൺലൈൻ)

6.ശ്രീ. പി.വി.ശ്രീനിജിൻ, എം.എൽ.എ. (ഓൺലൈൻ).

നിയമസഭാ സെക്രട്ടേറിയറ്റ് :

1 . ശ്രീ. ആർ. വേണുഗോപാൽ , ജോയിന്റ് സെക്രട്ടറി

2 . ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ടിങ്കു ബിസ്വാൾ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
2. ശ്രീ. എം.ജി.രാജമാണിക്യം, സെക്രട്ടറി, റവന്യൂ(ദേവസ്വം) വകുപ്പ്.
3. ശ്രീ. സീറാം സാംബശിവ റാവു, ഡയറക്ടർ , സർവ്വേയും ഭൂരേഖയും വകുപ്പ്.
4. ശ്രീമതി ശ്രീധന്യ സുരേഷ്, ഡയറക്ടർ, സാമൂഹിക സന്നദ്ധസേന &കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി, ഐ.ജി.രജിസ്ട്രേഷൻ.

5. ശ്രീമതി എ. ഗീത, ജോയിന്റ് കമ്മീഷണർ , ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.

6. ശ്രീമതി എസ് ജലജകുമാരി, സെക്രട്ടറി, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്.

7. ശ്രീ. ടി.ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്.

8. ശ്രീ അജയകുമാർ കെ.എസ്. അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

9. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

10. ശ്രീമതി ശ്രീകല എസ് . പണിക്കർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

11. ശ്രീ. അനിൽകുമാർ സി, ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്.

12. ശ്രീമതി വിജയി പി.റ്റി. അസിസ്റ്റന്റ് കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്.

13. ശ്രീ. പി.എസ്. ശാന്തകുമാർ, അസിസ്റ്റന്റ് കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.

14. ശ്രീ. എ. ഹബീബ്, ഡിവിഷണൽ വഖഫ് ഓഫീസർ, കേരള വഖഫ് ബോർഡ്.

15. ശ്രീമതി വിമല പി., ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് മാനേജർ, കൊച്ചിൻ ദേവസ്വം ബോർഡ്.

16. ശ്രീ. പുഷ്പരാജ് എം. ജി., ഫിനാൻസ് ഓഫീസർ, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്.

17. ശ്രീമതി സോന ശിവൻ, ഫിനാൻസ് ഓഫീസർ, സർവ്വേയും ഭൂരേഖയും വകുപ്പ്.

18. ശ്രീ. സ്കോട്ട് കെ.കെ., ഫിനാൻസ് ഓഫീസർ, ലാൻഡ് ബോർഡ്.

സമിതി, 2024-25 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ധനാഭ്യർത്ഥന നമ്പർ XI, XXVIII എന്നിവയിന്മേലുള്ള ശീർഷകങ്ങളിലെ കണക്കിനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു .

**ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും**

2053-00-094-45— <u>പൊതുസമ്പത്ത് സംരക്ഷണം- കേരള ലാൻഡ് ബാങ്ക് പ്രോജക്ട്</u>

കേരളത്തിലെ ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകുക, ഭൂമി കൈവശം ഉള്ളവർക്ക് ഭൂമിക്ക് രേഖ നൽകുക എന്നീ പ്രവൃത്തികൾക്കായുള്ള 'പട്ടയമിഷൻ' പദ്ധതിയുടെ

ആവശ്യങ്ങൾക്കായി 3 കോടി രൂപയും സർക്കാർ ഭൂമിയുടെ സംരക്ഷണത്തിനായി 2 കോടി രൂപയും ഉൾപ്പെടെ 2053-00-094-45 ശീർഷകത്തിൽ 5 കോടി രൂപ ഈ ആവശ്യത്തിലേയ്ക്കായി വകയിരുത്തുമെന്ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-093-99—<u>കളക്ടർമാരും മജിസ്ട്രേറ്റുമാരും</u>

കളക്ടറേറ്റിലെയും റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും IAS ഉദ്യോഗസ്ഥരുടെ കെട്ടിട വാടക നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെട്ടിട നികുതി നൽകുന്നതിനും 2053-00-093-99-06 എന്ന ശീർഷകത്തിൽ 1.5 കോടി രൂപയും 2023-ൽ 'കരുതലും കൈത്താങ്ങും' എന്ന പേരിൽ നടന്ന പരാതിപരിഹാര അദാലത്തിന് ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ട 1.30 കോടി രൂപയും ശബരിമലയിലെ അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനായി കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ട 42 ലക്ഷം രൂപയും ഉൾപ്പെടെ 2053-00-093-99-34-3 ശീർഷകത്തിൽ 1.72 കോടി രൂപയും അധികമായി ആവശ്യമുള്ളതായി മനസ്സിലാക്കിയ സമിതി ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2053-00-093-99 ശീർഷകത്തിൽ ആകെ 3.22 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-094-99—<u>താലൂക്ക് ആഫീസുകൾ</u>

ദുരന്തനിവാരണ പ്രവർത്തനങ്ങൾ, റവന്യൂ റിക്കവറി, ഇതര നികുതിപിരിവുകൾ എന്നീ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുക അനുവദിക്കാനുള്ളതിനാൽ 2053-00-094-99-21(2) എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും വാഹനങ്ങളുടെ ഇന്ധനച്ചെലവിനായി അധിക തുക ആവശ്യമായതിനാലും 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുക അനുവദിക്കാനുള്ളതിനാലും 2053-00-094-99-45 ശീർഷകത്തിൽ 50 ലക്ഷം രൂപയും അധികമായി ആവശ്യമുള്ളതായി മനസ്സിലാക്കിയ സമിതി ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ ആകെ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

### ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

5475-00-800-77-01—<u>ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ / പദ്ധതികൾ - സ്മാർട്ട് റവന്യൂ ഓഫീസുകൾ</u>

വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസുകൾ ആക്കുന്നതിനായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 49 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും എന്നാൽ, ബഹു. ധനകാര്യ വകുപ്പ് മന്ത്രി ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച, റവന്യൂ വകുപ്പിന്റെ ആസ്ഥാന മന്ദിരമായ റവന്യൂ ഭവൻ നിർമ്മിക്കുന്നതിന് ആവശ്യമായ 10 കോടി രൂപ അതിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നും മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

5475-00-800-77-03—<u>ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ /പദ്ധതികൾ - സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം</u>

സർവ്വേ ട്രെയിനിംഗ് സ്കൂളുകളിൽ ആധുനിക പഠനാന്തരീക്ഷം സൃഷ്ടിക്കൽ, സർവ്വേ മ്യൂസിയത്തിന്റെ നവീകരണം എന്നിവയ്ക്കായി 1.5 കോടി രൂപ അധികമായി ആവശ്യമുള്ളതായി മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

### ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

2250-00-103-89—<u>വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്</u>

വഖഫ് ബോർഡിന്റെ വർദ്ധിച്ചുവരുന്ന ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുന്നതിനായി അധികം തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2.6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-094-37—<u>സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്</u>

സാമൂഹിക സന്നദ്ധസേന, യൂത്ത് ലീഡർഷിപ്പ് അക്കാദമി എന്നിവയുടെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച കോൺഫറൻസ് ഹാൾ നവീകരണം നടത്തി പ്രവർത്തനസജ്ജമാക്കുന്നതിനും ഓഫീസ് സാമഗ്രികൾ വാങ്ങുന്നതിനും കൂടാതെ, സാമൂഹിക സന്നദ്ധസേനയുടെ പരിപാടികൾ വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിനും വോളണ്ടിയർമാരുടെ

പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ജില്ലാതലത്തിൽ ഫീൽഡ് സന്ദർശനം, സർവ്വേ, സന്നദ്ധപ്രവർത്തകരുടെ ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയവയ്ക്കായും വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിലേയ്ക്ക് ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-094-35—<u>കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി (കൈല)</u>

കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി നോൺ പ്ലാൻ വിഹിതം ഇല്ലാത്തതിനാൽ ശമ്പളം തുടങ്ങിയ ഭരണപരമായ ചെലവുകളും പ്ലാൻ വിഹിതത്തിൽ നിന്നുമാണ് വഹിക്കുന്നതെന്നും നിലവിൽ നിരവധി പദ്ധതികൾ കൈലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ടെന്നും മനസ്സിലാക്കിയ സമിതി കൈലയുടെ വളർച്ചയ്ക്കായും പദ്ധതി നിർവ്വഹണത്തിനായും മേൽ ശീർഷകത്തിലേയ്ക്ക് പ്ലാൻ വിഹിതത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി നിലവിൽ നോൺ പ്ലാൻ ശീർഷകം അനുവദിച്ചിട്ടില്ലെന്നും അക്കാദമിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രോജക്ട് മാനേജർ, പ്രോജക്ട് കോ-ഓർഡിനേറ്റർ എന്നിവർക്കായുള്ള ശമ്പളം, മറ്റു ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി 2024-25 സാമ്പത്തിക വർഷത്തിലേയ്ക്ക് ഫണ്ട് അനുവദിച്ചിട്ടില്ലെന്നും മനസ്സിലാക്കിയ സമിതി കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി പുതിയ നോൺ പ്ലാൻ ശീർഷകം അനുവദിക്കണമെന്നും ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-102-99—<u>1951 -ലെ മദ്രാസ് എച്ച്.ആർ. & സി.ഇ. നിയമം നടപ്പാക്കൽ</u>

ഹിന്ദുമത ധർമ്മസ്ഥാപന(ഭരണ) വകുപ്പിലെ ആസ്ഥാന ഓഫീസ്, ആറ് ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് സ്ഥലംമാറ്റ ബത്ത അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുകയായ 30,000 രൂപയും ജീവനക്കാർക്ക് അവധിയാത്രാനുകൂല്യം അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുകയായ 50,000 രൂപയും അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 2250-00-102-99-04.2 ശീർഷകത്തിൽ 1.7 ലക്ഷം രൂപയും 2250-00-102-99-04.4 ശീർഷകത്തിൽ 2.5 ലക്ഷം രൂപയും

ഉൾപ്പെടെ ആകെ 4.2 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-99—ദേവസ്വം ഫണ്ടിലേക്കും ശ്രീപണ്ടാരംവക ഫണ്ടിലേക്കും ഉള്ള സഹായം

2003-ലെ സ.ഉ.(കൈ) നമ്പർ 378/2003/റവ. ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും ആന്വൽ കോൺട്രിബ്യൂഷൻ ഇനത്തിൽ നൽകി വരുന്ന 1 കോടി രൂപ 15 വർഷങ്ങൾക്ക് മുമ്പുള്ള നിരക്കായതിനാൽ പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ആവശ്യത്തിനായി ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 49.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-98—കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം

കൊച്ചി ദേവസ്വം ബോർഡിന് കീഴിൽ ഉൾപ്പെട്ട 408 ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും മാലിന്യനിർമ്മാർജ്ജനത്തിനും ആവശ്യമായ തുക ദേവസ്വം ബോർഡിന്റെ തനതുഫണ്ടിൽ നിന്നും കണ്ടെത്താൻ സാധിക്കുകയില്ലെന്ന് മനസ്സിലാക്കിയ സമിതി ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 20.4814 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-91—മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും, എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലായെന്ന് മനസ്സിലാക്കിയ സമിതി ക്ഷേമനിധിയിലേക്കുള്ള സർക്കാർ സഹായമായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.99 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-87—<u>മലബാർ ദേവസ്വം ബോർഡ്</u>

മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനും ബോർഡിന്റെ ജീർണ്ണോദ്ധാരണ ധനസഹായം ഉൾപ്പെടെയുള്ള മറ്റെല്ലാ ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 2250-00-103-87-31 എന്ന ശീർഷകത്തിൽ 30 കോടി രൂപയും 2250-00-103-87 തീരുമാനിച്ചു.-36 എന്ന ശീർഷകത്തിൽ 6 കോടി രൂപയും ഉൾപ്പെടെ ആകെ 36 കോടി രൂപ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-86—<u>ഉത്തര മലബാറിലെ കാവുകളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ്</u>

ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ ധനസഹായം 1,600 രൂപ ആയി വർദ്ധിപ്പിക്കുന്നതായി ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ നിലവിലുള്ള 1,544 ആചാരസ്ഥാനികർക്കും 368 കോലധാരികൾക്കും പുറമെ പുതുതായി ചേർക്കപ്പെടുന്ന ഗുണഭോക്താക്കൾ ഉൾപ്പെടെ ഏകദേശം 3000 പേർക്ക് മേൽ നിരക്കിൽ പ്രതിമാസ അലവൻസ് നൽകുന്നതിനും 2023-24 സാമ്പത്തികവർഷത്തെ കുടിശ്ശിക അനുവദിക്കുന്നതിനും അധിക തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.6722 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-85—<u>മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ</u>

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ പ്രവർത്തിച്ചു വരുന്ന ക്ഷേത്രകലാ അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും അദ്ധ്യാപകരുടെ ശമ്പളം, കലാകാരൻമാർക്ക് ആദരം, അവാർഡ് ദാനം, ക്ഷേത്രകലാ പുരസ്കാരങ്ങൾ, അവശരായ ക്ഷേത്രകലാകാരൻമാർക്ക് സഹായം, ലൈബ്രറി വിപുലീകരണം, മ്യൂസിയം വിപുലീകരണം എന്നിവയ്ക്കും അക്കാദമിയുടെ വിവിധ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും അധിക തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 44.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-80—<u>ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം.</u>

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി മലബാർ ദേവസ്വം ബോർഡിന് 9 കോടി രൂപ നൽകാനുണ്ടെന്നും തിരുവിതാംകൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിൽ നിന്ന് 11 കോടി രൂപയുടെ പുതിയ പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-77—<u>കോവിഡ് 19-മായി ബന്ധപ്പെട്ട് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ സാഹചര്യത്തിൽ കൂടൽമാണിക്യം ദേവസ്വത്തിനുള്ള പ്രത്യേക സഹായം.</u>

കോവിഡ്, പ്രളയം എന്നിവയ്ക്ക് ശേഷം കൂടൽമാണിക്യം ദേവസ്വത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനായി ദേവസ്വം ഭൂമിയിൽ ഷോപ്പിംഗ് കോംപ്ലക്സ്, ആയുർവേദ റെസിഡൻഷ്യൽ കോട്ടേജ് തുടങ്ങിയ പദ്ധതികൾ ആരംഭിക്കുന്നതിനും ക്ഷേത്ര നവീകരണത്തിനുമായി അധികം തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-76—<u>ശബരിമല ശുചീകരണ പ്രവൃത്തികൾ</u>

ശബരിമല മണ്ഡല, മകരവിളക്ക് സീസണുകളിൽ തീർത്ഥാടകരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ശബരിമലയിലും എരുമേലിയിലും മറ്റ് പരിസരപ്രദേശങ്ങളിലും ശുചീകരണം, അടിസ്ഥാന സൗകര്യം ഒരുക്കൽ, സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.0293 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2250-00-188-99—<u>കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്</u>

ജീവനക്കാർ, ഡെപ്യൂട്ടേഷൻ ജീവനക്കാർ, മുൻ ബോർഡ് മെംബർമാർ എന്നിവർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനും ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്,

ആർജ്ജിതാവധി സറണ്ടർ എന്നിവ അനുവദിക്കുന്നതിനുമായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

രാവിലെ 11.25-ന് യോഗം അവസാനിച്ചു.

**2024 മാർച്ച് 6 -ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്**

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2024 മാർച്ച് 6-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. അഹമ്മദ് ദേവർകോവിൽ, എം.എൽ. എ.
2. ശ്രീ. പി.ടി.എ. റഹീം, എം.എൽ. എ.(ഓൺലൈൻ)
3. ശ്രീ. എം. രാജഗോപാലൻ, എം.എൽ. എ.
4. ശ്രീ. പി. വി. ശ്രീനിജിൻ, എം. എൽ. എ. (ഓൺലൈൻ).

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. ആർ. വേണുഗോപാൽ , ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ . മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

സമിതി, 2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെ പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ 5 - ാം നമ്പർ ശിപാർശയിലെ അവസാനത്തെ വാചകത്തിനു പകരം " എന്നാൽ, ബഹു. ധനകാര്യ വകുപ്പ് മന്ത്രി ബഡ്ജറ്റിന്റെ മറുപടിപ്രസംഗത്തിൽ, ഈ ആവശ്യത്തിലേയ്ക്കായി 2 കോടി രൂപ അനുവദിക്കുന്നതായി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു." എന്ന് ഭേദഗതി ചെയ്തു.

8- ാം നമ്പർ ശിപാർശ " കേരളത്തിലെ ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകുക, ഭൂമി കൈവശം ഉള്ളവർക്ക് ഭൂമിക്ക് രേഖ നൽകുക എന്നീ പ്രവൃത്തികൾക്കായുള്ള 'പട്ടയമിഷൻ' പദ്ധതിയുടെ ആവശ്യങ്ങൾക്കായി 3 കോടി രൂപയും സർക്കാർ ഭൂമിയുടെ സംരക്ഷണത്തിനായി 2 കോടി രൂപയും ഉൾപ്പെടെ 2053-00-094-45 ശീർഷകത്തിൽ 5 കോടി രൂപ ഈ ആവശ്യത്തിലേയ്ക്കായി വകയിരുത്തുമെന്ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു" എന്ന് ഭേദഗതി ചെയ്തു.

രാവിലെ 12.10-ന് യോഗം അവസാനിച്ചു.

## 2024 മാർച്ച് 13-ലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2024 മാർച്ച് 10- ാം തീയതി നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ. രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണത്തിലെ കാലതാമസവും പ്രസിദ്ധീകരിച്ചതിലെ അപാകതകളും സംബന്ധിച്ച് റവന്യൂ, തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും കുറ്റമറ്റ രീതിയിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി കേരള ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ഡോ. എൻ. ജയരാജ്
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (ഓൺലൈനായി)
4. ശ്രീ. കെ .ഡി. പ്രസേനൻ
5. ശ്രീ. എം. രാജഗോപാലൻ
6. ശ്രീ. പി. ടി. എ. റഹീം (ഓൺലൈനായി)
7. ശ്രീ. പി. വി. ശ്രീനിജിൻ (ഓൺലൈനായി).

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. വേണുഗോപാൽ ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വേണു വി., ചീഫ് സെക്രട്ടറി.
2. ഡോ. ബി. അശോക്, പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്. (അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ).
3. ശ്രീ. കെ. മുഹമ്മദ് വൈ. സഫിറുള്ള, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
4. ശ്രീ. സീറാം സാംബശിവ റാവു, ഡയറക്ടർ, കൃഷി വകുപ്പ്.
5. ശ്രീമതി എ. ഗീത, ജോയിന്റ് കമ്മീഷണർ , ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.
6. ശ്രീ. അബ്ദുൽ നാസർ ബി., അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
7. ശ്രീമതി ജോസ്നാമോൾ, ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
8. ശ്രീമതി പ്രീത പോൾ, ജോയിന്റ് ഡയറക്ടർ, കൃഷി വകുപ്പ്.
9. ശ്രീ. മുഹമ്മദ് ഫൈസൽ, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
10. ശ്രീമതി വി.എൽ. ബീന, ഡെപ്യൂട്ടി സെക്രട്ടറി, കൃഷി വകുപ്പ്.
11. ശ്രീ. ഷഹൻഷാ എ., അണ്ടർ സെക്രട്ടറി, റവന്യൂ വകുപ്പ്.
12. ഡോ. എസ്. ജെയിൻ മിത്ര, സയന്റിസ്റ്റ്, കെ.എസ്.ആർ.ഇ.സി.

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2024 ജനുവരി മാസം 10-ാം തീയതി 'ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണത്തിലെ കാലതാമസവും പ്രസിദ്ധീകരിച്ചതിലെ അപാകതകളും' സംബന്ധിച്ച വിഷയത്തിൽ റവന്യൂ, തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പുകൾ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് തെളിവെടുപ്പ് നടത്തുകയും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം പൂർത്തിയാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റവന്യൂ, തദ്ദേശസ്വയംഭരണം, കൃഷി എന്നീ വകുപ്പ് സെക്രട്ടറിമാരുടെ ഒരു സംയുക്തയോഗം

ചേർന്ന് 2024 ഫെബ്രുവരി 28-നകം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ സമിതി 13-3-2024-ന് യോഗം ചേർന്ന് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നല്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

2021 ഫെബ്രുവരി 1 മുതൽ ആരംഭിച്ച ഭൂമി തരംമാറ്റ പ്രക്രിയയിൽ ഓഫ്‌ലൈനായി ലഭിച്ച 2,41,000 അപേക്ഷകളിൽ 3000 എണ്ണം ഒഴികെയുള്ളവ പൂർത്തിയാക്കിയിട്ടുണ്ടെന്നും ഓൺലൈനായി ലഭിച്ച 4,11,469 അപേക്ഷകളിൽ ഫോം നമ്പർ 5-ൽ ഉൾപ്പെട്ട 1,99,230 അപേക്ഷകൾ തരം മാറ്റാൻ ശേഷിക്കുന്നതായും ബഹു. സമിതി ചെയർമാൻ വിശദീകരിച്ചു. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ 2019-ലെ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 27(എ) വകുപ്പ് പ്രകാരം ഫാറം നമ്പർ 6,7,9 എന്നിവയിലെ അപേക്ഷകളിന്മേൽ RDO എടുക്കുന്ന തീരുമാനങ്ങളിൽ ലഭ്യമാകുന്ന പരാതികൾക്ക് 27(ബി) വകുപ്പ് പ്രകാരം കളക്ടർക്ക് അപ്പീൽ നൽകാമെങ്കിലും ഫാറം നമ്പർ 5 പ്രകാരം RDO-യ്ക്ക് മുകളിൽ അപ്പലേറ്റ് അതോറിറ്റി ഇല്ലാത്തതിനാൽ ഹൈക്കോടതിയെ മാത്രമേ ആശ്രയിക്കാൻ സാധിക്കു എന്നതിനാൽ ഫാറം നമ്പർ 5-മായി ബന്ധപ്പെട്ട പരാതികൾ RDO-യുടെ മുന്നിൽ വരേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് കൃഷി വകുപ്പുമന്ത്രിയുടെ അഭിപ്രായം കൂടി അറിയേണ്ടതുണ്ടെന്നും ചെയർമാൻ വ്യക്തമാക്കി.

ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ ഫൈനൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനും വണ്ടിപ്പെരിയാർ, ഏലപ്പാറ, കൊക്കയാർ, പെരുവന്താനം, പീരുമേട്, മൂന്നാർ, മാങ്കുളം, ദേവികുളം, ഇടമലക്കുടി എന്നിവിടങ്ങളിലും കണ്ണൂർ ജില്ലയിലെ ആലക്കോട്, ഉദയഗിരി എന്നിവിടങ്ങളിലും സീറോ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ നടപടി റവന്യൂ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കോട്ടയം ജില്ലയിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാത്ത എരുമേലി, കൂട്ടിക്കൽ, കോരുത്തോട്, മൂന്നിലവ്, തീക്കോയി, തിടനാട് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡാറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കുന്നവയാണോ എന്ന് പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചതോടൊപ്പം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം സംബന്ധിച്ച യോഗങ്ങളിൽ ചെയർമാൻ ആവശ്യപ്പെട്ടിട്ടുപോലും സെക്രട്ടറി ഹാജരാകുകയോ ഹാജരാകാത്തതിന്റെ കാരണം അറിയിക്കുകയോ ചെയ്തിട്ടില്ലെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

തൊടുപുഴ, അങ്കമാലി എന്നിവിടങ്ങളിലെ ഡാറ്റാ ബാങ്കുകളും ഇടുക്കി ജില്ലയിലെ 9 -ഉം കണ്ണൂർ ജില്ലയിലെ 2 -ഉം ഉൾപ്പെടെ 11 വില്ലേജുകളിലെ സീറോ ഡാറ്റാ ബാങ്കുകളും അടിയന്തരമായി പ്രസിദ്ധീകരിച്ചാൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണത്തിന്റെ ഒരു ഘട്ടം പൂർത്തിയാക്കാൻ കഴിയുമെന്നും ഫാറം നമ്പർ 5 പരിഹരിച്ചാൽ ഫാറം നമ്പർ 6 പ്രകാരമുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കണമെന്ന് റവന്യൂ വകുപ്പിനോട് നിഷ്കർഷിച്ചിട്ടുണ്ടെന്നും ആയതിനായി 249 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും 121 സർവ്വേയർമാരെ താൽക്കാലികമായി നിയമിക്കാൻ അനുമതി നൽകുകയും 200 വാഹനങ്ങൾ അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും സമിതി ചെയർമാൻ അറിയിച്ചു. മാസത്തിൽ ഒരു തവണയെങ്കിലും എൽ.എൽ.എം.സി. ചേരണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കർശന നിർദ്ദേശം നല്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു.

നിയമത്തിലെ റൂൾ 4(1)-ൽ പരാമർശിക്കുന്ന പ്രകാരം ഫാറം നമ്പർ 5-മായി ബന്ധപ്പെട്ട എല്ലാ കേസുകളിലും എൽ.എൽ.എം.സി. പരിശോധന നിർബന്ധമല്ലെന്നും അറ്റാച്ച്ഡ് ഫാറത്തിൽ മാത്രമാണ് എൽ.എൽ.എം.സി.-യുടെ ശിപാർശക്കുള്ള പ്രൊവിഷൻ ഉള്ളതെന്നും കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. ഫാറം നമ്പർ 5 പ്രകാരം തീർപ്പാക്കാനുള്ളതായി ധാരാളം കേസുകളുള്ളതിനാൽ ആർ.ഡി.ഒ. ആവശ്യപ്പെടുകയാണെങ്കിൽ മാത്രം എൽ.എൽ.എം.സി.-യുടെ റിപ്പോർട്ട് മതിയെന്നും അല്ലാത്ത പക്ഷം അഗ്രികൾച്ചറൽ ഓഫീസറുടെ റിപ്പോർട്ട് മതിയാകുമെന്നുമാണ് കൃഷി വകുപ്പ് നിർദ്ദേശിക്കുന്നതെന്നും അല്ലെങ്കിൽ പെൻഡൻസി നിലനിൽക്കുന്ന സ്ഥലങ്ങളിൽ അഗ്രികൾച്ചറൽ ഓഫീസർക്ക് പകരമായി ഇൻസ്പെക്ഷൻ നടത്താൻ അവിടെയുള്ള റിട്ടയേർഡ് ഉദ്യോഗസ്ഥരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് പ്രസ്തുത ജോലി വേഗത്തിൽ തീർപ്പാക്കുന്ന കാര്യം പരിഗണിക്കാമെന്നും കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. താൽക്കാലിക ജീവനക്കാരെ നിയമിച്ച് പരാതി പരിശോധന നടത്തുമ്പോൾ വീഴ്ചകൾ ഉണ്ടായാൽ പ്രസ്തുത ജീവനക്കാർക്കെതിരെ നടപടിയെടുക്കാൻ സാധിക്കില്ലെന്നും അക്കാരണത്താലാണ് പുതുതായി 249 തസ്തികകൾ സൃഷ്ടിക്കാൻ സർക്കാർ ആലോചിക്കുന്നതെന്നും ചെയർമാൻ കൂട്ടിച്ചേർത്തു. കൂടാതെ, കാർഷിക അഭിവൃദ്ധി ഫണ്ടിൽ ഉൾപ്പെടുത്തി കുറച്ച് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണമെന്ന് ബഹു. സമിതി ചെയർമാൻ ചീഫ് സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തു.

റവന്യൂ, തദ്ദേശസ്വയംഭരണം, കൃഷി വകുപ്പുകളുടെ അഭിപ്രായങ്ങൾ ഏകോപിപ്പിച്ച് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ലളിതവൽക്കരിക്കാൻ ഒരു പൊതുരീതി കൊണ്ടുവരണമെന്ന് സമിതി ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ചു. സമിതി നിർദ്ദേശപ്രകാരം മാർച്ച് 20-ാം തീയതി ടി വകുപ്പുകളുടെ യോഗം ചേർന്ന് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം സംബന്ധിച്ച് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാമെന്നും മൂന്ന് വകുപ്പുകളിൽ നിന്നും പ്രയോഗികമായി വരുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാമെന്നും ചീഫ് സെക്രട്ടറി വ്യക്തമാക്കി.

മാർച്ച് 20-ാം തീയതി ചീഫ് സെക്രട്ടറി വിളിച്ചുചേർക്കുന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള തീരുമാനം കൈക്കൊള്ളാമെന്ന് സമിതി തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 12.15-ന് യോഗം അവസാനിച്ചു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.